### വിശുദ്ധ ജോൺ മേരി വിയാന്നിയുടെ 150–ാം ചരമവാർഷികാചരണം

# ‘പൗരോഹിത്യവർഷ’ത്തിലെ പ്രത്യേക ദണ്ഡവിമോചനം

നേരത്തെ പ്രഖ്യാപിച്ചതുപോലെ, ദൈവജനത്തിന്റെ സേവനത്തിനായി പൂർണ്ണമായി സമർപ്പിച്ച ഒരു ഇടയന്റെ തിളങ്ങുന്ന മാതൃകയായ ആർസിലെ വികാരി, വി. ജോൺ മേരി വിയാന്നിയുടെ 150 –ാം ചരമവാർഷിക വേളയിൽ വൈദികർക്കുവേണ്ടിയുള്ള വർഷം പ്രത്യേകമായി ആചരിക്കുവാൻ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ നിശ്ചയിച്ചിരിക്കുകയാണ്.

2009 ജൂൺ 19–ന് ആരംഭിച്ച് 2010 ജൂൺ 19–ന് അവസാനിക്കുന്ന വൈദിക വർഷത്തിൽ, മെയ് 12-ലെ അപ്പസ്തോലിക് പെനിറ്റെൻഷ്യറിയുടെ ഡിക്രിയിൽ പ്രതിപാദിച്ചപ്രകാരം പ്രത്യേക ദണ്ഡവിമോചനങ്ങൾ അനുവദിച്ചിട്ടുണ്ട്.

ആർസിലെ വികാരി വിശുദ്ധ ജോൺ മേരി വിയാന്നിയുടെ പാവന സ്വർഗ്ഗയാത്രയുടെ 150–ാംവാർഷികം അനുസ്മരിക്കപ്പെടുന്ന ദിനം സമാഗതമാകുകയായി. ക്രിസ്തുവിന്റെ അജഗണത്തിനു സേവനമർപ്പിക്കുന്ന യഥാർത്ഥ ഇടയന്റെ ഭൂമിയിലെ മനോജ്ഞമാതൃകയായിരുന്നു ഈ വിശുദ്ധൻ.

വിശ്വാസികളേയും പ്രത്യേകിച്ച് വൈദികരെയും പ്രചോദിതരാക്കുവാൻ അദ്ദേഹത്തിന്റെ മാതൃക ഉപയുക്തമാവുന്നതുകൊണ്ട് ഈയവസരത്തിൽ 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ വൈദികർക്കു വേണ്ടിയുള്ള ഒരു വർഷം പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ ഏർപ്പെടുത്തിയിരിക്കുകയാണ്. ഭക്തിപുരസ്സരമായ ധ്യാനവും ആദ്ധ്യാത്മികാഭ്യാസങ്ങളും ഉചിതമായ മറ്റു നടപടികളും വഴി ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ കൂടുതൽ ഉറയ്ക്കുവാൻ ഈ വർഷത്തിൽ വൈദികർക്കു കഴിയട്ടെ.

ഈ പുണ്യകാലം വൈദികവിശുദ്ധീകരണത്തിന്റെ ദിനമായ യേശുവിന്റെ തിരുഹൃദയത്തിന്റെ തിരുനാളിലാണ് ആരംഭിക്കുക. ഫ്രാൻസിലെ ബെല്ലെ- ആർസിന്റെ മെത്രാൻ റോമിലേക്കു കൊണ്ടുവരുന്ന വിശുദ്ധ ജോൺ മേരി വിയാന്നിയുടെ തിരുശേഷിപ്പുകളുടെ സാന്നിദ്ധ്യത്തിൽ അന്ന് പരിശുദ്ധ പിതാവ് സന്ധ്യാജപം ചൊല്ലും.

അതുപോലെ വൈദികവർഷത്തിന്റെ സമാപനത്തിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും നിന്ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ചത്വരത്തിലേക്കുവന്ന് ക്രിസ്തുവിനോടുള്ള വിശ്വസ്തതയും സാഹോദര്യത്തിന്റെ പരസ്പരബന്ധവും നവീകരിക്കുന്ന വൈദികരുടെ സമ്മേളനത്തിൽ പരിശുദ്ധ പിതാവ് അദ്ധ്യക്ഷത വഹിക്കും.

വിശ്വാസവും പ്രത്യാശയും സ്നേഹവുംകൊണ്ട് തിളങ്ങുവാൻ വേണ്ട കൃപ നിത്യപുരോഹിതനായ ക്രിസ്തുവിൽ നിന്ന് ലഭിക്കുവാൻ പ്രാർത്ഥനയും സത്കൃത്യങ്ങളുംവഴി വൈദികർ പ്രതിബദ്ധരാകട്ടെ. ജനങ്ങളുടെ ആദ്ധ്യാത്മിക നന്മയ്ക്ക് തങ്ങൾ സമർപ്പിതരാണെന്നു ജീവിതശൈലിയും ബാഹ്യപെരുമാറ്റവുംവഴി അവർ കാണിക്കട്ടെ. സഭ എപ്പോഴും ഹൃദയത്തിൽ പേറുന്നതാണ് ജനങ്ങളുടെ ആദ്ധ്യാത്മികസുസ്ഥിതി.

മഹനീയനായ മാർപാപ്പയുടെ ആഗ്രഹങ്ങൾക്കനുസരിച്ച് അപ്പസ്തോലിക് പെനിറ്റെൻഷ്യറി പ്രസിദ്ധീകരിക്കുന്ന ഈ ഡിക്രിപ്രകാരം വൈദികവർഷത്തിലേക്ക് അനുവദിക്കുന്ന പ്രത്യേക ദണ്ഡവിമോചനങ്ങൾ നിർദിഷ്ടലക്ഷ്യം നേടുന്നതിന് ഏറെ സഹായകമാവും.

**എ.** – ഏതുദിവസമായാലും, പരസ്യവണക്കത്തിന് എഴുന്നള്ളിച്ചുവച്ചതോ സക്രാരിയിൽ സൂക്ഷിച്ചുവച്ചിരിക്കുന്നതോ ആയ ദിവ്യകാരുണ്യത്തിനു മുന്നിൽ, യഥാർത്ഥമനസ്താപമുള്ള വൈദികർ പ്രഭാതജപമോ സന്ധ്യാജപമോ ചൊല്ലുകയും വിശുദ്ധ ജോൺ മേരി വിയാന്നിയുടെ മാതൃകയനുസരിച്ച് ഉദാരഹൃദയത്തോടെ കൂദാശപരികർമ്മത്തിന്, പ്രത്യേകിച്ച് കുമ്പസാരം കേൾക്കുന്നതിന്, തയ്യാറാവുകയും ചെയ്താൽ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് അവർ കൗദാശികമായി കുമ്പസാരിച്ച് പരിശുദ്ധ കുർബാന സ്വീകരിച്ച് മാർപ്പാപ്പായുടെ

നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്നപക്ഷം പൂർണ്ണദണ്ഡവിമോചനം ലഭിക്കും. ശുദ്ധീകരണാവസ്ഥയിലുള്ള തങ്ങളുടെ മരിച്ചവർക്കുവേണ്ടിയും ഇത് പ്രയോജനപ്പെടുത്താം.

വിശുദ്ധ ജീവിതം നയിക്കാനും തങ്ങളുടെ ചുമതലകൾ വിശുദ്ധമായ വിധത്തിൽ നിറവേറ്റാനുമുള്ള അംഗീകൃത പ്രാർത്ഥനകൾ ഭക്തിപുരസ്സരം ചൊല്ലുന്ന വൈദികർക്ക് ഭാഗികദണ്ഡവിമോചനം അനുവദിച്ചിരിക്കുന്നു. തങ്ങളുടെ മരിച്ചുപോയ സഹപ്രവർത്തകർക്കുവേണ്ടിയും അവർക്കിത് ഉപയോഗപ്പെടുത്താവുന്നതാണ്.

**ബി.-** താഴെപറയുന്ന ദിവസങ്ങളിൽ ദൈവാലയത്തിലോ ചാപ്പലിലോ നടക്കുന്ന ദിവ്യബലിയിൽ ഭക്തിപുരസ്സരം പങ്കെടുക്കുകയും നിത്യപുരോഹിതനായ യേശുക്രിസ്തു വൈദികരെ വിശുദ്ധീകരിക്കാനും തന്റെ തിരുഹൃദയത്തിന് അനുരൂപരാക്കാനും അവിടുത്തോടുള്ള പ്രാർത്ഥനകളോ ആ ദിവസം ചെയ്ത സത്കൃത്യങ്ങളോ സമർപ്പിക്കുകയും ചെയ്യുന്ന യഥാർത്ഥ മനസ്താപമുള്ള വിശ്വാസികൾക്ക്, അവർ കൗദാശികമായി കുമ്പസാരിച്ച് പാപപ്പൊറുതി നേടുകയും പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന പക്ഷം പൂർണ്ണദണ്ഡവിമോചനം ലഭിക്കും: വൈദികവർഷം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന തീയതികൾ. വിശുദ്ധ ജോൺ മേരി വിയാന്നിയുടെ വിയോഗത്തിന്റെ 150-ാം വാർഷികം, മാസാദ്യ വ്യാഴാഴ്ച, അതല്ലെങ്കിൽ അതത് പ്രദേശത്തെ വിശ്വാസികൾക്കുവേണ്ടി മെത്രാൻ നിശ്ചയിക്കുന്ന മറ്റൊരു ദിവസം.

കത്തീഡ്രലുകളിലും ഇടവകദേവാലയങ്ങളിലും അജപാലന ചുമതലയുള്ള വൈദികർതന്നെ ഈ ഭക്തകൃത്യങ്ങൾക്ക് നേതൃത്വം നല്കുകയും ദിവ്യബലി അർപ്പിക്കുകയും വിശ്വാസികളുടെ കുമ്പസാരം കേൾക്കുകയും ചെയ്യുന്നത് ഏറ്റവും ഉചിതമായിരിക്കും.

വാർദ്ധക്യമോ രോഗമോ ന്യായയുക്തമായ മറ്റേതെങ്കിലും കാരണമോ മൂലം തങ്ങൾ കഴിയുന്ന വീട്ടിലോ മറ്റേതെങ്കിലും സ്ഥലത്തോ ഇരുന്ന്, പാപമെല്ലാം കഴുകിക്കളഞ്ഞ മനസ്സോടെയും സാദ്ധ്യമായാലുടൻ മറ്റ് മൂന്ന് നിബന്ധനകളും പാലിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയോടെയും മേൽപ്പറഞ്ഞ ദിവസങ്ങളിൽ വൈദികരുടെ വിശുദ്ധീകരണത്തിനായുള്ള പ്രാർത്ഥന ചൊല്ലുകയും തങ്ങളുടെ രോഗങ്ങളും യാതനകളും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയംവഴി ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുന്ന വിശ്വാസികൾക്കും പൂർണ്ണദണ്ഡവിമോചനം ലഭിക്കും.

അവസാനമായി, വൈദികർ പരിശുദ്ധിയിലും ജീവിത വിശുദ്ധിയിലും നിലനിൽക്കേണ്ടതിന് യേശുവിന്റെ തിരുഹൃദയത്തിന്റെ വണക്കത്തിനായി അഞ്ചു 'സ്വർഗ്ഗസ്ഥനായ പിതാവേ'യും'നന്മനിറഞ്ഞ മറിയവും' ത്രിത്വസ്തുതിയും അല്ലെങ്കിൽ മറ്റൊരു അംഗീകൃതപ്രാർത്ഥന ചൊല്ലുന്ന ഓരോ പ്രാവശ്യവും വിശ്വാസികൾക്ക് ഭാഗികദണ്ഡവിമോചനം അനുവദിച്ചിരിക്കുന്നു.

വൈദികവർഷം മുഴുവനും ഈ ഡിക്രി പ്രാബല്യത്തിൽ ഉണ്ടായിരിക്കും. ഇതിനു വിപരീതമായതൊന്നും നിലനിൽക്കുന്നതല്ല.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ 2009-ാം വർഷം ഏപ്രിൽ 25-ന് സുവിശേഷകനായ വിശുദ്ധ മർക്കോസിന്റെ തിരുനാളിൽ റോമിൽ നല്കപ്പെട്ടത്.

**കർദ്ദിനാൾ ജയിംസ് ഫ്രാൻസീസ് സ്റ്റാഫോർഡ്**
മേജർ പെനിറ്റെൻഷ്യറി
**ബിഷപ്പ് ജിയാൻഫ്രാങ്കോ ജിറോറ്റി**
ഒ.എഫ്.എം. കോൺ.
മേറ്റയിലെ സ്ഥാനിക മെത്രാൻ റീജന്റ്.

L+S.
prot. N. 136/09/1